Y

തീയറ്ററിൽ കാര്യമായ ചലനങ്ങൾ ഒന്നും ഉണ്ടാക്കാതെ പോയ ഒരു നല്ല സിനിമ ആണ് ഇന്ന് പരിചയപ്പെടുത്തുന്നത്. Y! ശ്രീ. സുനിൽ ഇബ്രാഹിം രചനയും സംവിധാനവും നിർവഹിച്ച ഈ ചിത്രം, മലയാള സിനിമക്ക് ഭാവി വാഗ്ദങ്ങൾ ആയ ഒരു പിടി പുതുമുഖങ്ങളെ കൊണ്ട് സമ്പന്നമാണ്.

ഒരു രാത്രി, തിരുവനന്തപുരം നഗരത്തിലെ തിരക്കേറിയ വീഥിയിലും, മാളിലും മറ്റുമായി ഒരു യുവതിയും, യുവാവും പരസ്പരം കളി ചിരികൾ പറഞ്ഞ് ചുറ്റിക്കറങ്ങിയാൽ ഏതൊക്കെ കണ്ണുകൾ അവരെ തേടി എത്തും എന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് ഊഹിക്കാമല്ലോ. അങ്ങനെ ഒരു രാത്രി, ഒരേ ഒരു രാത്രിയുടെ കഥയാണ് Y പറയുന്നത്. പലയിടത്തും കേൾക്കുന്ന അശ്ലീല കമന്റ്കൾ അവർ കേട്ടില്ല എന്നു നടിക്കുന്നു എങ്കിലും, തങ്ങളുടെ പുറകെ മൊബൈൽ ക്യാമറയും ആയി വരുന്ന കണ്ണുകളെ ആ ചെറുപ്പക്കാരന് സഹിക്കാൻ ആകുന്നില്ല. അവൻ അവരെ ധൈര്യ പൂർവ്വം നേരിടുന്നു. പക്ഷെ, ഒരു കൂട്ടം യുവാക്കളുടെ കൈയ്യേറ്റ ശ്രമങ്ങളെ ഒരു ആണിനും പെണ്ണിനും കൂടെ എങ്ങനെ , എത്ര നേരം, ചെറുത്തു നിൽക്കാൻ ആകും? ഉള്ളിന്റ ഉള്ളിൽ, ഒളികണ്ണോടെ എങ്കിലും, ഒരു കൂട്ടം ഓട്ടോ ഡ്രൈവർമാർ തക്ക സമയത്ത് വന്ന് ഇരു കൂട്ടരെയും പിടിച്ചു മാറ്റുന്നു. എല്ലാം പ്രശ്നങ്ങളും അവസാനിച്ചു എന്ന് കരുതിയിയെങ്കിൽ നിങ്ങൾക്ക് തെറ്റി. കഥയുടെ ആദ്യത്തെ ഒരു 10 മിനിറ്റ് മാത്രം ആണ് ഞാൻ പറഞ്ഞത്. ഒരു നിമിഷം ശാന്തമായി എന്നു കരുതുന്ന അന്തരീക്ഷത്തെ, കഥാ ഗതിയെ, ചൂട് പിടിപ്പിച്ചുകൊണ്ട് അടുത്ത രംഗത്തിൽ നമ്മൾ കാണുന്നത്, ഒരു വണ്ടിയിൽ വന്ന് ആരൊക്കെയോ ചേർന്ന് ആ പെണ്കുട്ടിയെ തട്ടി കൊണ്ട് പോകുന്നത് ആണ്.

ഒരു റിയലസ്റ്റിക്ക് ത്രില്ലർ മൂഡിൽ പറഞ്ഞു പോയിരിക്കുന്ന കഥയിൽ, മെജോ ജോസഫിന്റെ പശ്ചാത്തല സംഗീതം എടുത്ത് പറയേണ്ടത് ആണ്. ഏകദേശം രണ്ടു മണിക്കൂറിൽ താഴെ മാത്രമുള്ള സിനിമ, സ്ഥിരം കുറ്റാന്വേഷണ സിനിമയുടെ ചേരുവകൾ പ്രതീക്ഷിച്ചു കാണുവാൻ ഇരുന്നാൽ നിങ്ങൾക്ക് നിരാശ സമ്മാനിച്ചേക്കാൻ ഇടയുണ്ട് എന്നു കൂടി പറഞ്ഞു കൊള്ളട്ടെ. ആമസോണ് പ്രൈമിൽ സിനിമ ലഭ്യമാണ്. കണ്ടതിന് ശേഷം, അഭിപ്രായങ്ങൾ കൂടി ഇവിടെ പങ്ക് വെക്കും എന്ന് പ്രതീക്ഷിച്ചു കൊണ്ട് ലിങ്ക് ചുവടെ ചേർക്കുന്നു. എല്ലാവർക്കും ഒരു നല്ല സിനിമ കാഴ്ച ആശംസിച്ചു കൊണ്ട്..

മൂവി പാനൽ

Hey I’m watching Y. Check it out now on Prime Video!
[https://app.primevideo.com/detail...](https://app.primevideo.com/detail...)

Written By Jithin Sreedhar